നമ്പർ.എ.ഡി(3) 1170/2013

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ. പി.ഒ. പി.ബി.നം.5432
തിരുവനന്തപുരം, തീയതി: 20/04/2013

## സർക്കുലർ നമ്പർ. 6/2013

വിഷയം:- സഹകരണ ആഡിറ്റ് - കുടിശ്ശിക നിവാരണ കർമ്മ പദ്ധതി 2013 - 'ടീം' ഓഡിറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സഹകരണസംഘം രജിസ്ട്രാറുടെ 13/2013-ാം നമ്പർ സർക്കുലർ.
2) ആഡിറ്റ് ഡയറക്ടറുടെ 4/2013-ാം നമ്പർ സർക്കുലർ.
3) സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ(ജനറൽ)ടെ 19/04/2013 ലെ ഇ.ബി(2) 17310/2013-ാം നമ്പർ കത്ത്.

97-ാം ഭരണഘടനാ ഭേദഗതിയ്ക്കനുസരണമായി സംസ്ഥാന സഹകരണ നിയമത്തിൽ വന്നിട്ടുള്ള മാറ്റമനുസരിച്ച് സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനുള്ളിലായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കാലാനുസൃതമാക്കുന്നതിനായി സൂചന(1) നിർദ്ദേശപ്രകാരം ആഡിറ്റ് ഡയറക്ടർ തയ്യാറാക്കിയിട്ടുള്ള കർമ്മപദ്ധതിയ്ക്കനുസരണമായി ക്യാമ്പ് ഓഡിറ്റ് സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണല്ലോ, ക്യാമ്പ് ഓഡിറ്റ് സംഘാടനവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന(3) പ്രകാരം സഹകരണവകുപ്പിലെ ജനറൽ വിഭാഗം ഇൻസ്പെക്ടർമാർ, എ&ഇ ഇൻസ്പെക്ടർമാർ, സെയിൽ ഓഫീസർമാർ, വാലേഷൻ ഓഫീസർമാർ, എന്നിവരുടെ സേവനം കൂടി ആഡിറ്റ് പൂർത്തിയാക്കുന്നതിനായി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 'ടീം' ഓഡിറ്റ് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. താരതമ്യേന ഇടപാടുകൾ വളരെയധികമുള്ള സഹകരണ സ്ഥാപനങ്ങളിൽ 'ടീം' ഓഡിറ്റ് രീതിയിൽ ആഡിറ്റ് പൂർത്തിയാക്കാവുന്നതാണ്.

2. ഒരു ടീമിൽ 1 അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, 1 സീനിയർ ആഡിറ്റർ, 1 ജൂനിയർ ആഡിറ്റർ എന്ന ക്രമത്തിൽ 3 പേരടങ്ങുന്ന 'ടീം' രൂപീകരിക്കാവുന്നതാണ്.

3. ടീമിന്റെ ഘടന, ആഡിറ്റർമാരുടെ എണ്ണം എന്നിവ സ്ഥാപനത്തിന്റെ സ്ഥിതിയനുസരിച്ച് ജോയിന്റ് ഡയറക്ടർമാർ/അസിസ്റ്റന്റ് ഡയറക്ടർമാർ നിശ്ചയിക്കേണ്ട തും ആയതു സംബന്ധിച്ച് രേഖാമൂലമുള്ള ഉത്തരവുകൾ നൽകേണ്ടതുമാണ്.

4. ടീമിന്റെ ലീഡർ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിരിക്കേണ്ട താണ്. അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ, സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ/ ആഡിറ്റർ, സീനിയർ ഇൻസ്പെക്ടർ/ ആഡിറ്റർ, എന്നിവരെ 'ടീം' ലീഡർമാരാക്കാവുന്ന താണ്.

5. ഓരോ ടീമിനും സമയബന്ധിതമായ ടാർജറ്റ് നൽകേണ്ടതും ആയതുപ്രകാരം ടീം സംഘങ്ങളുടെ 2012-13 ആഡിറ്റ് 30/08/2013 നകം പൂർത്തീകരിക്കേണ്ടതുമാണ്.

6. ഓരോ 'ടീം' സംബന്ധിച്ചും ഓഫീസുകളിൽ കൃത്യമായ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ ടീമംഗങ്ങളുടെ പേര്, തസ്തിക, ആഡിറ്റിനായി ചുമതലപ്പെടുത്തുന്ന സംഘങ്ങളുടെ പേരു വിവരം, ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കേണ്ടതായ തീയതി, സമർപ്പിച്ച തീയതി, ആഡിറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

7. ഓരോ സ്ഥാപനത്തിന്റെയും വ്യാപാര ഇടപാടുകളുടെ തോതനുസരിച്ച് ആഡിറ്റ് പൂർത്തിയാക്കാനാവശ്യമായ സമയം ജോയിന്റ് ഡയറക്ടർമാർ നിശ്ചയിച്ചു നൽകേണ്ടതാണ്.

8. 'ടീം' അംഗങ്ങൾക്ക് കഴിവതും യാത്ര സമയം കുറവുള്ള തരത്തിൽ സംഘങ്ങൾ അനുവദിയ്ക്കുന്നതിന് ജോയിന്റ് ഡയറക്ടർമാർ/ അസിസ്റ്റന്റ് ഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്.

9. സൂചന(3) പ്രകാരം പ്രാദേശിക സ്ഥിതി പരിശോധിച്ച് എല്ലാ സംഘങ്ങളുടെയും ആഡിറ്റ് 30/09/2013 ന് തീർക്കത്തക്കവിധം സമകാല ആഡിറ്റർമാരെ ആഡിറ്റ് ജോലികൾക്കായി പുന: വിന്യസിക്കുന്നതിന് ജോയിന്റ് ഡയറക്ടർമാർക്ക് തീരുമാനിക്കാവുന്നതാണ്, ആയത് സമകാല തസ്തികകൾക്ക് തീരുമാനമെടുത്ത സംഘങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടായിരിക്കേണ്ടതാണ്.

10. 'ടീം' ആഡിറ്റ് പുരോഗതി സഹകരണസംഘം രജിസ്ട്രാർക്കും ഈ ആഫീസിലേയ്ക്കും 15 ദിവസം കൂടിയിരിക്കുമ്പോൾ റിപ്പോർട്ട് ചെയ്തിരിക്കേണ്ടതാണ്.

ഒപ്പ്
കെ.ജി. രാജു. ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

പകർപ്പ്

1. സഹകരണസംഘം രജിസ്ട്രാർ,
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും

//ആജ്ഞാനുസരണം//

സഹകരണ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ